## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1983

01.02.2018 ൽ മറുപടിയ്ക്ക്

### ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്ന ജയിലുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വ്യക്തമാക്കാമോ ; | (എ) | വിയ്യൂർ അതീവ സുരക്ഷാ ജയിൽ, തവനൂർ സെൻട്രൽ ജയിൽ, ഇടുക്കി ജില്ലാ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നിവയാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്നത്. ഇവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ജയിലുകളിൽ തടവു പുള്ളികൾ യഥേഷ്ടം മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | ജയിലുകളിലെ ചില തടവുകാർ നിയമ വിരുദ്ധമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി പരാതിയും രഹസ്യ വിവരങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളിൽ മൊബൈൽ ഫോണും അനുബന്ധ ഉപകരണങ്ങളും തടവുകാരിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. |
| (സി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ച കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (സി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ചതിന് വിയ്യൂർ പി.എസ്. ക്രൈം നം. 854/2014 u/s 86 (1) (2) (3) of the Kerala Prisons and Correctional Services (Management) Act, 2010 & 42 Prisons Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | 27.2.2015 ൽ കുറ്റപത്രം ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -I മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ടി കേസ് ഇപ്പോൾ വിചാരണയിലുമാണ്. |
| (ഡി) | തിരുവനന്തപുരം സെൻട്രൽ ജയിലിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ക്യാമറകളിൽ ഒന്നു പോലും പ്രവർത്തനക്ഷമമല്ല എന്ന റിപ്പോർട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ ; | (ഡി) | പരിഗണിച്ചിട്ടുണ്ട്. |
| (ഇ) | ജയിലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ജയിലുകളിൽ കർശനമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിവിധ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 53 ജയിലുകളിൽ 51 ജയിലുകളിലും സി.സി.ടി.വി. നിരീക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ വൈദ്യുതിവേലി സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളേയും കോടതികളേയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പ്രവൃത്തി | ഡെപ്പോസിറ്റ് ചെയ്ത തുക | പുരോഗതി |
|---|---|---|---|
| 1 | അതീവ സുരക്ഷാ ജയിൽ വിയ്യൂർ | 26.50 കോടി രൂപ (ആദ്യ രണ്ട് ഘട്ടങ്ങളിലായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക ) | താഴെപ്പറയുന്ന പ്രവൃത്തികളാണ് ടി തുക വിനിയോഗിച്ച് ചെയ്തിട്ടുള്ളത്.<br>i) 6674 ച.മീ. വിസ്തീർണ്ണമുള്ള ജയിൽ കെട്ടിടം<br>ii) 1042 ച.മീ. വിസ്തീർണ്ണമുള്ള ആശുപത്രി കെട്ടിടം, ലൈബ്രറി കെട്ടിടം, ഓഫീസ് കെട്ടിടം എന്നിവ.<br>iii) ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പ് ടാങ്ക്, വാച്ച് ടവർ എന്നിവ<br>iv) കൂടാതെ ഇലക്ട്രോണിക്സ് പ്രവൃത്തികളായ സി.സി.ടി.വി. സംവിധാനം , പബ്ലിക് അഡ്രസ് സിസ്റ്റം, മെറ്റൽ ഡിറ്റക്ടർ, X-റേ, ബാഗേജ് സ്കാനർ, EPABX, LAN എന്നിവയും ചെയ്തിട്ടുണ്ട്. |
| | | 6.66 കോടി രൂപ (മൂന്നാം ഘട്ട പ്രവൃത്തികൾക്കായി 08.02.2017-ൽ ഡെപ്പോസിറ്റ് ചെയ്ത തുക) | ഡ്രൈയിനേജ് സംവിധാനം, കെട്ടിടത്തിന്റെ അവസാന ഘട്ട പ്രവൃത്തികൾ (this includes painting of the building, SS handrails, roof top water proofing and plastering, doors and windows to administration and kitchen block, plinth protection concrete, grill work to parapet, steel gates etc) ഗാർഡ് റൂം നിർമ്മാണം, ഇലക്ട്രിക്കൽ പ്രവൃത്തികൾ (High mast lights and street lights around the compound, guard room electrification etc) വൈദ്യുതി വേലി സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്. ടി പ്രവൃത്തികളുടെ ടെക്നിക്കൽ ബിഡ് ചീഫ് എഞ്ചിനീയറുടെ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നു. ആകെ 85% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| 2 | സെൻട്രൽ പ്രിസൺ, തവനൂർ | 17.66 കോടി രൂപ (ആദ്യ ഘട്ട പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുക) | പ്രസ്തുത തുകയ്ക്കുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായി കഴിഞ്ഞു. 86553 ച.അടി വിസ്തീർണ്ണമുള്ള മൂന്ന് നില കെട്ടിടമായാണ് ജയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 494 പേരെ പാർപ്പിക്കാനുള്ള സൗകര്യമായിരിക്കും ടി ജയിലിലുണ്ടായിരിക്കുക. ഇതിനകം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 17.66 കോടി രൂപ വിനിയോഗിച്ച് 329 പേരെ പാർപ്പിക്കുവാൻ ശേഷിയുള്ള 43653 ച.അടി വിസ്തീർണ്ണമുള്ള 1½ നില കെട്ടിടം (താഴത്തെ നിലയും ഒന്നാം നിലയുടെ പകുതിയും) ചുറ്റുമതിൽ, ഡ്രയിൻ കൾവർട്ട് എന്നിവയാണ് പൂർത്തിയാക്കിയിട്ടുള്ളത്. |
| | | 14.75 കോടി രൂപ (രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 08.02.17- ൽ ഡെപ്പോസിറ്റ് ചെയ്ത തുക) | ഓഫീസ് ബ്ലോക്ക്, മെസ്സ് ബ്ലോക്ക്, പ്രധാന കെട്ടിടത്തിന്റെ ബാക്കി നിർമ്മാണം (ഒന്നാം നിലയുടെ ബാക്കിയും, രണ്ടാം നിലയുടേയും നിർമ്മാണം)<br>i) ഓഫീസ് ബ്ലോക്ക്, മെസ്സ് ബ്ലോക്ക് എന്നീ പ്രവൃത്തികളുടെ പ്ലാൻ ആയത് അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br>ii) ജയിൽ കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തിയുടെ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭിക്കേണ്ടതുണ്ട്.<br>ആകെ 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| 3 | ജില്ലാ ജയിൽ മലമ്പുഴ (പാലക്കാട് കോട്ടയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സബ് ജയിൽ ജില്ലാ ജയിലായി അപ്ഗ്രേഡ് ചെയ്യുന്നത്) | 9.75 കോടി രൂപ (ആദ്യ ഘട്ട പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക) | ടി തുകയ്ക്കുള്ള എല്ലാ പ്രവൃത്തികളും പൂർത്തായായി കഴിഞ്ഞു. 43500 ച. അടി വിസ്തീർണ്ണമുള്ള 333 പേരെ പാർപ്പിക്കുവാൻ ശേഷിയുള്ള 2 നില കെട്ടിടമായാണ് പ്രസ്തുത ജയിൽ പ്ലാൻ ചെയ്തിട്ടുള്ളത്. 220 പേരെ പാർപ്പിക്കുവാൻ ശേഷിയുള്ള ജയിൽ കെട്ടിടം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റോർറൂം, അടുക്കള എന്നിവയുൾപ്പെടെ 30666 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ, കോമ്പൗണ്ട് മതിൽ എന്നീ പ്രവൃത്തികളാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുള്ളത്. |
| | | 3.07 കോടി രൂപ (രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 29.01.2017-ൽ ഡെപ്പോസിറ്റ് ചെയ്ത തുക ) | i) ജയിൽ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള 1.77 കോടി രൂപയുടെ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ഇലക്ട്രിക്കൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>ii) സ്റ്റാഫ് മെസ്സ്, ബാരക്ക്- 50 ലക്ഷം രൂപ - പ്രസ്തുത തുകയ്ക്ക് നിരീക്ഷണ ടവർ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിരുന്നത്. എന്നാൽ നിരീക്ഷണ ടവ്വറിനേക്കാൾ അത്യാവശ്യം സ്റ്റാഫ് മെസ്സ് ബാരക്ക് എന്നിവയാണ് നിർമ്മിക്കേണ്ടത് എന്നുള്ളതിനാൽ അതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.<br>iii) ഗാർഡ് റൂം- സന്ദർശകർക്കുള്ള കാത്തിരിപ്പ് മുറി-80 ലക്ഷം രൂപ - ടി പ്രവൃത്തിയുടെ പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്.<br>ജയിൽ നിർമ്മാണം 90 % പൂർത്തിയായിട്ടുണ്ട്. |
| 4 | ജില്ലാ ജയിൽ, മുട്ടം, ഇടുക്കി | 7.05 കോടി രൂപ (ആദ്യ ഘട്ട പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക) | പമ്പ് ഹൗസിന് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയൊഴികെ ജയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| | | 8.50 ലക്ഷം രൂപ | വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും, മലങ്കര ഡാമിനടുത്ത് സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിൽ നിന്നും ജയിലിലേയ്ക്ക് വെള്ളമെത്തിക്കുന്നതിന് പ്ലംബിംഗ് പ്രവൃത്തി ചെയ്യുന്നതിനുമുള്ള രണ്ട് പ്രവൃത്തികളും പൂർത്തിയായി. |
| 5 | സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട (പുതിയ കെട്ടിട നിർമ്മാണം) | 2 കോടി രൂപ (ആദ്യ ഘട്ട പ്രവൃത്തിക്കായി ഡെപ്പോസിറ്റ് | പ്രസ്തുത തുകയ്ക്കുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായി കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | ചെയ്ത തുക) | |
| | | 8 കോടി രൂപ (രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 08.02.2017-ൽ ഡെപ്പോസിറ്റ് ചെയ്ത തുക) | 35 % പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ